(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളിൽ ആകെയുള്ള സീറ്റിന്റെ അഞ്ചുശതമാനം പി. ഇ. ആർ. സി. വിദ്യാർത്ഥികൾക്കായി സംവരണം ചെയ്ത് പ്രവേശനം നൽകിവരുന്നുണ്ട്.

(എഫ്) ഇല്ല.

(ജി) കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളിൽ ടെലഫോൺ ആവശ്യമാണെന്നു കരുതുന്നില്ല.

ജി.ആർ.ബി. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ

1059 [1970] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ആർ.ബി. ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകുന്നത്;

(ബി) അവരുടെ വസ്ത്രം, ക്ഷൗരം എന്നിവയ്ക്ക് നൽകുന്നതുക എത്ര;

(സി) വസ്ത്രം ഏതു മാസത്തിലാണ് വിതരണം ചെയ്യുന്നത്;

(ഡി) ഹോസ്റ്റലിൽ എത്തെല്ലാം ഫർണീച്ചറുകളാണുള്ളത്;

(ഇ) അവ കൃത്യസമയത്ത് എത്തിക്കാറുണ്ടോ?

ഉത്തരം

(എ) ഹോസ്റ്റലുകളിൽ നൽകുന്ന സൗകര്യങ്ങൾ അനുബന്ധത്തിൽ വിവരിച്ചിട്ടുണ്ട്. †

(ബി) വസ്ത്രത്തിന് വർഷം തോറും 100 രൂപയും ക്ഷൗരത്തിന് പ്രതിമാസം 140 രൂപയും.

(സി) ജൂലായ് മാസത്തിൽ.

(ഡി) ബഞ്ചും ഡസ്ക്കുമാണ് വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ളത്.

(ഇ) ഉണ്ട്.

സ്പെഷ്യൽ റിക്രൂട്ടുമെന്റ് നിർത്തലാക്കിയ ഡിപ്പാർട്ടുമെന്റുകൾ

1060 [1971] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ടുമെന്റ് എത്തെല്ലാം ഡിപ്പാർട്ടുമെന്റിലാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യൽ റിക്രൂട്ടുമെന്റ് നിർത്തലാക്കിയതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(സി) അവ നിർത്തലാക്കപ്പെട്ടിട്ടുള്ള ഡിപ്പാർട്ടുമെൻറുകളിൽ പട്ടികജാതി പ്രാതിനിധ്യം പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ടുമെൻറ് ഒരു ഡിപ്പാർട്ടുമെൻറിലും നിർത്തലാക്കിയിട്ടില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഒരു താലൂക്കു മുഴുവൻ പ്രവർത്തന പരിധിയുള്ള ഹരിജൻ സഹകരണ സംഘങ്ങൾ

1061 [1972] ശ്രീ. എം. കെ. കേശവൻ: താഴക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു താലൂക്കു മുഴുവൻ പ്രവർത്തന പരിധിയിൽപ്പെടുത്തി രൂപീകരിക്കപ്പെട്ട ഹരിജൻ സഹകരണ സംഘങ്ങൾ ഉണ്ടോ;

(ബി) ചില പഞ്ചായത്തുകളിൽ മാത്രം അത്തരം സംഘങ്ങളുടെ പ്രവർത്തനം ഒതുക്കി നിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതുമൂലം പ്രസ്തുത താലൂക്കിലുള്ള എല്ലാ ഹരിജനങ്ങൾക്കും ഈ സംഘങ്ങളുടെ ഗുണം ലഭിക്കുന്നില്ലായെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തിയാണെങ്കിലും, ഒരു സംഘം രൂപീകരിക്കുവാൻ വേണ്ടത്ര അംഗസംഖ്യയുള്ള സ്ഥലങ്ങളിൽ എല്ലാം സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഡി) 'ബി' ക്കും 'സി'ക്കും നൽകിയ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഹരിജൻ കോളനികളിൽ വീടുവയ്ക്കാൻ ധനസഹായം

1062 [1973] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ മണലടി, കാഞ്ഞിരം, കണ്ടമംഗലം, തെഞ്ചിരി എന്നീ ഹരിജൻ കോളനികളിൽ വീടുവയ്ക്കാൻ ധനസഹായം നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly